

# ശ്രീശങ്കരാ സ്കൂൾ ഓഫ് ഡാൻസ് (S.S.D.)

# കാലടി

## പ്രതിവാര കലാവാർത്തയിലേക്ക് സ്വാഗതം

വാർത്ത തയ്യാറാക്കിയത് .. .. .. .. .. .. .. .. .. .. .. .. .. .. .. .. സെന്റർ. .. .. .. .. .......... .. .. .. .. ...

1. **സ്കൂൾ കലോത്സവം** - ക ഴിഞ്ഞ വർഷം നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിനു മികച്ച പ്രകടനം കാഴ്ചവച്ച മാധ്യമ ങ്ങൾക്ക് പുരസ്കാര വിതരണം ചെയ്തു. (മാതൃഭൂമി, ജനുവരി 5)

2. **ഓംപുരി അരങ്ങൊഴിഞ്ഞു** - 35 വർഷത്തെ അഭിനയ ജീവിതത്തിനു ശേഷം ഓംപുരി അരങ്ങൊഴിഞ്ഞു. രാജ്യാന്തര അംഗീകാരം നേടിയ നടന പ്രതിഭയായിരുന്നു ഓംപുരി. നസറുദ്ദീൻഷാ, സ്മിതാ പാട്ടീൽ, ശബാന ആസ്മി എന്നിവർക്കൊപ്പം സമാന്തര സിനിമാ പ്രസ്ഥാനത്തിലെ ശക്തമായ സാന്നിദ്ധ്യമായിരുന്നു ഓംപുരി. അഭിനയത്തിന് നിരവധി ദേശീയ പുരസ്കാരങ്ങൾനേടിയിട്ടുണ്ട്. (മലയാള മനോരമ ജനുവരി 7). ശ്യാം ബനഗലിന്റെ 'ആരോഹണിലേയും', ഗോവിന്ദ് നിഹലാനിയുടെ 'അർദ്ധസത്യത്തിലെയും' അഭിനയജീവിതത്തിന് മ ികച്ച നടനുള്ള ദേശീയ പുരസ്കാരം ലഭിച്ചു. 1990 ൽ പത്മശ്രീ ലഭിച്ചു. (മാതൃഭൂമി, ജനുവരി 7)

3. **സ്കൂൾ കലോത്സവ മാനുവൽ അഴിച്ചു പണിയും** - ആക്ഷേപങ്ങൾക്കിടയില്ലാത്ത വിധം സ്കൂൾ യുവജനോത്സവ മാനുവൽ സമഗ്ര മായി അഴിച്ചു പണിയുമെന്ന് വിദ്യാഭ്യാസവകുപ്പ് മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് തൃശൂർ ജില്ലാ യുവജനോത്സവ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തപ്പോൾ അറിയിച്ചു. (മലയാള മനോരമ, ജനുവരി 8)

4. **സാമൂഹിക ഉന്നമനത്തിനുള്ള വിത്താകണം കല** - മനുഷ്യ മനസ്സുകളിൽ മാറ്റം വരുത്തുന്നതാകണം കാലാവിഷ്കാരങ്ങളെന്ന് ഗവർണ്ണർ ജസ്റ്റീസ് പി. സദാശിവം പറഞ്ഞു. എറണാകുളം ഫൈൻആർട്ട്സ് സൊസൈറ്റിയുടെ വജ്ര ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിശ്രുതനായ ഒരു കലാകാരനായിതീരുകയെന്നത് ശ്രമകരമാ യ ഒരു കാര്യമാണെന്നും യഥാർത്ഥ കലാകാരന്മാരെ അളക്കേണ്ടത് സാമ്പത്തിക കണക്കനുസരിച്ചല്ലെന്നും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച മന്ത്രി ജി.സുധാ കരൻ പറഞ്ഞു. (മാതൃഭൂമി, ജനുവരി8)

5. **ആലുവ ടാസിൽ സംഗീതകച്ചേരി മത്സരം** - എം. എസ്. സുബ്ബലക്ഷ്മി ശതാബ്ദിയോടനുബന്ധിച്ച് ആലുവ ടാസ് കർണ്ണാടക സംഗീ തക്കച്ചേരി മത്സരം സംഘടിപ്പിക്കുന്നു. 25 വയസ്സിൽ താഴെയുള്ളവർക്ക് പങ്കെടുക്കാം (മാതൃഭൂമി ജനുവരി 8)

6. **ശിവരാത്രി സംഗീതോത്സവം** - ആലുവായിൽ ബാല ഗോകുലത്തിന്റെയും ബാല സാംസ്കാരിക കേന്ദ്രത്തന്റെയും ആഭിമുഖ്യത്തിൽ ഫെബ്രു. 24 ന് ആലുവായിൽ ശിവരാത്രി സംഗീതോത്സവം നടക്കും. കേശവ സ്മൃതി മണ്ഡപത്തിലാണ് പരിപാടി നടക്കുക. (മാതൃഭൂമി, ജനുവരി 8)

7. **എറണാകുളം ഫൈൻ ആർട്സ് സൊസൈറ്റി** യുടെ 60ാം വാർഷികത്തോടനുബന്ധിച്ച് നടി ആശാ ശരത്തിന്റെ ഭരതനാട്യം ജനു വരി 8 ന് ഫൈൻആർട്ട്സ് ഹാളിൽ അരങ്ങേറി. ആശാ മലരുകൾ എന്ന തലക്കെട്ടോടുകൂടി മാതൃഭൂമ ി പത്രത്തിലെ ആദ്യ പേജി ലാണ് പരിപാടിയുടെ മൾട്ടിക്കളർ ചിത്രം കൊടുത്തിരിക്കുന്നത്. മാതൃഭൂമി ഫോട്ടോഗ്രാഫർ സിദ്ധിക്കുൾ അക്ബറാണ് ഫോട്ടോഗ്രാ ഫർ. എന്നാൽ അവതരണത്തെക്കുറിച്ച് യാതൊരു വിധ വാർത്തയും മാതൃഭൂമി പ്രസിദ്ധീകരിച്ചിട്ടില്ല. (മാതൃഭൂമി, ജനുവരി 9)

8. **ദക്ഷിണാമൂർത്തി സംഗീത പുരസ്കാരങ്ങൾ**- വിദ്യാധരൻ മാസ്റ്റർ, കൈതപ്രം ദാമോദരൻ നമ്പൂതിരി എന്നിവർക്ക് സമർപ്പിച്ചു.വൈക്കം മഹാദേവക്ഷേത്രത്തിൽ നടന്ന ചടങ്ങിൽ വോ യ്സ് ഫൗണ്ടേഷനും വൈക്കത്തെ കലാസ്നേഹികളും ചേർന്നാണ് പുരസ്കാരം സമർപ്പിച്ചത്. എം.ജി.ശ്രീകുമാറിന് ഗാനേന്ദുചൂഢ പുരസ്കാരവും സമ്മാനിച്ചു. (മാതൃഭൂമി, ജനുവരി9)

9. **ജാതി വ്യവസ്ഥക്കെതിരെ മലബാറിൽ രൂപപ്പെട്ട പൊട്ടൻ തെയ്യത്തിന്റെ കഥകളി ആവിഷ്കാരം തയ്യാറാകുന്നു.** - ആദ്യമായാണ് വടക്കേ മലബാറിലെ ഒരു പുരാവൃത്തം കഥകളിയാകുന്നത്. രണ്ട് മണിക്കൂർ ദൈർഘ്യം വരുന്ന കഥകളി ജനുവരി 29 ന് നാട്യരത്നം കണ്ണൻ പട്ടാളി സ്മാരക ട്രസ്റ്റിന്റെനേതൃത്വത്തിൽ അരങ്ങേറും. പ്രൊഫ. ജനാർദ്ദനൻ പോറ്റിയുടേതാണ് ആട്ടകഥ. കലാമണ്ഡലം മോഹനകൃഷ്ണസംഗീതവും കലാനിലയം വാസവുദേവരംഗാവിഷ്കാരവും നടത്തും. (മാതൃഭൂമ ി, ജനുവരി9)

10. **പ്രേംനസീർ സാംസ്കാരിക വേദി** സംസ്ഥാനതല ഗാനാലാപന മത്സരം സംഘടിപ്പിക്കും. പ്രേംനസീർ അഭിനയിച്ച സിനിമകളിലെ ഗാനങ്ങളാണ് പരിഗണിക്കുക. (മാതൃഭൂമി, ജനുവരി9)

11. **അമ്പതുപേർ പങ്കെടുത്ത പയ്യന്നൂർ കോൽക്കളി** കൊച്ചി ബിനാലെയിൽ അരങ്ങേറി. പയ്യന്നൂരിലെ സുബ്രഹ്മണ്യസ്വാമി ക്ഷേത്രവു മായി ബന്ധപ്പെട്ട് രൂപാന്തരപ്പെട്ട കോൽക്കളിക്ക് 300 വർഷത്തെ പഴക്കമുണ്ട്. പയ്യന്നൂരിലെ പ്രഭാകര ഗുരുക്കളുടെ നേതൃത്വ ത്തിൽ 7 മുതൽ 70 വയസ്സുവരെയുള്ളവർ കോൽക്കളിയിൽ പങ്കെടുത്തു. മൂന്ന് ഘട്ടങ്ങളായി സമയമെടുത്ത് നടക്കുന്ന പരി പാടി ബിനാലെക്കായി ഒരു മണിക്കൂറാക്കിയാണ് അവതരിപ്പിച്ചത്. സ്ത്രീകളും കോൽക്കളിയിൽ പങ്കെടുത്തു വരുന്നു. ഇതിനോ ടകം 40 വേദികളിൽ, 50 പേരുടെ കൈവിരലുകളിൽ കോർത്ത ചരട്, വേഗത്തിനും താളത്തിനും അനുസരിച്ച് ത്രിവർണ്ണ പതാക യായി മാറുന്ന രംഗം അവതരിപ്പിച്ചിട്ടുണ്ട് (മാതൃഭൂമി, ജനുവരി9)

12. **ലതാ മങ്കേഷ്കർക്ക് ദക്ഷിണാമൂർത്തി നാദ പുരസ്കാരം** - പെരിങ്ങോട്ടുകര ദേവസ്ഥാനം ഏർപ്പെടുത്തിയ ദക്ഷിണാമൂർത്തി നാദ പുരസ്കാരം ലതാ മങ്കേഷ്ക്കർക്ക് നല്കും. 1 ലക്ഷം രൂപയാണ് പുരസ്കാരം (മാതൃഭൂമി, ജനുവരി9)

13. **പരമ്പരാഗത വർണ്ണത്തെ പുനർ വ്യാഖ്യാനിച്ച് പത്മിനി ചെട്ടൂർ** കൊച്ചി ബിനാലെ വേദിയിൽ വർണ്ണത്തെ പുനർ വ്യാഖ്യാനിച്ച്കൊണ്ട് കലാകാരി പത്മിനി ചെട്ടൂരും സംഘവും വേറിട്ട നൃത്താവതരണം നടത്തി. വർണ്ണം എന്ന നൃത്ത പ്രതിഷ്ഠാപനത്തിലൂടെ ശാസ്ത്രീയ നൃത്തശാഖയിലെ പരമ്പരാഗത നിലപാടുകളെ ചെറുക്കുകയായിരുന്നു പത്മിനിയുടെ ലക്ഷ്യം. പുരാണങ്ങളിലും ലാസ്യത്തിലൂന്നി

യുള്ള ഇന്ത്യൻ ശാസ്ത്രിയ നൃത്ത രൂപത്തെ പത്മിനി തള്ളിക്കളയുകയാണ്. വിപ്ലവാത്മകമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന സമകാലീന നൃത്തങ്ങളാണ് ഇന്ത്യയ്ക്ക് വേണ്ടതെന്നാണ് അവരുടെ അഭിപ്രായം. ചിരപരിചിതമായ പാട്ടുകൾ, വേറിട്ട് നില്ക്കുന്ന നൃത്തചലനങ്ങൾ, സമാകാലീന എഴുത്തുകാരുടെ രചനകൾ എന്നിവകൊണ്ട് സമ്പന്നമായിരുന്നു വർണ്ണം. പ്രേമത്തിന്റെഎല്ലാ വശങ്ങളും സ്പർശിച്ചുകൊണ്ടുള്ളതായിരുന്നു വർണ്ണത്തിന്റെഅവതരണം. കാത്തിരിപ്പ്, നഷ്ടബോധം എന്നിവ ഉദാഹരണങ്ങൾ. (മെട്രോ മനോരമ, മാതൃഭൂമി നഗരം, ദേശാഭിമാനി ജനുവരി 11)

14. **ലൈബ്രറി കൗൺസിൽ കലോത്സവം** കോഴിക്കോട് നടന്ന കലോത്സവത്തിൽ തൃശൂർ ജേതാക്കളായി (ദേശാഭിമാനി , ജനുവരി 9)
15. **മേതിൽ ദേവിക മോഹിനിയാട്ടം അവതരിപ്പിച്ചു.** എറണാകുളം ഫൈൻ ആർട്ട്സ് സൊസൈറ്റിയുടെ 60-ാം വാർഷികത്തോടനുബന്ധിച്ച് നർത്തകി മേതിൽ ദേവിക മോഹിനിയാട്ടം അവതരിപ്പിച്ചു. മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രങ്ങളിൽ രണ്ടാം പേജിൽ ഫോട്ടോ പ്രസിദ്ധീകരിച്ചിരുന്നു. വാർത്തയില്ല.
16. **പറവൂർ കളിയരങ്ങിന്റെ വാർഷികം** - നാല് കഥകളി കലാകാരന്മാരെ അഞ്ചാമത് വാർഷികത്തോടനുബന്ധിച്ച പുരസ്കാരം നല്കി ആദരിച്ചു. സദനം കൃഷ്ണൻകുട്ടി, കലാനിലയം പരമേശ്വരൻ, ആർ.എൽ.വി. ദാമോദര പിഷാരടി, കലാമണ്ഡലം നാരയണൻനമ്പൂതിരി എന്നിവർക്കാണ് പൊന്നാടയും 5000 രൂപ ക്യാഷ് അവാർഡും സമ്മാനിച്ചത്. (മാതൃഭൂമി, ജനുവരി 10)
17. **വൈക്കം വിജയലക്ഷ്മിക്ക് കാഴ്ചയുടെ നുറുങ്ങുവെട്ടം** - പിന്നണി ഗായിക വൈക്കം വിജയലക്ഷ്മി കാഴ്ചയുടെ ലോകത്തേക്ക്. ഹോമിയോ ഡോക്ടർമാരായ ശ്രീകുമാറും ശ്രീവിദ്യയും വികസിപ്പിച്ചെടുത്ത ചികിത്സാരീതിയിലാണ് വിജയലക്ഷ്മി കാഴ്ചയിലേക്ക് മടങ്ങുന്നത്. കാഴ്ച ലഭിച്ചാൽ തന്റെ എല്ലാ വിജയങ്ങൾക്കും കൂടെ നിന്ന് പ്രവർത്തിച്ച അച്ഛനേയും അമ്മയേയും ആദ്യം കാണണമെന്നാണ് വിജയലക്ഷ്മിയുടെ ആഗ്രഹം (ദേശാഭിമാനി, ജനുവരി 11)
18. **പതിവുപോലെ ഗാനഗന്ധർവ്വൻ യേശുദാസ് ജന്മദിനം കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ ആഘോഷിച്ചു.** - പിറന്നാൾ ദിനത്തിൽ യേശുദാസ് കൊല്ലൂരിൽ തൊഴുത് മടങ്ങി. സഹധർമ്മിണി പ്രഭയോടൊപ്പം കൊല്ലൂരിൽ എത്തിയ അദ്ദേഹത്തെക്ഷേത്രം അസി. എക്സി.ഓഫീസർ കൃഷ്ണമൂർത്തി സ്വീകരിച്ചു. പിറന്നാൾ ദിനത്തിൽ കാഞ്ഞങ്ങാട് രാമചന്ദ്രന്റെ നേതൃത്വത്തിൽ നടക്കാറുള്ള ഉദയാസ്തമയ സംഗീതാർച്ചന ഈ വർഷവും ഉണ്ടായി. ഉച്ചയോടെ സ്വർണ്ണമുഖി മണ്ഡപത്തിലെത്തിയ യേശുദാസ് പതിവു പോലെ കീർത്തനം ആലപിച്ചു.
19. **ഹരിവരാസനം പുരസ്കാരം ഗംഗൈ അമരന്** - സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ഹരിവരാസനം പുരസ്കാരം പ്രശസ്ത സംഗീതജ്ഞൻ ഗംഗൈ അമരന് നല്കും. മതസൗഹാർദ്ദത്തിനും ദേശീയോദ്ഗ്രഥനത്തിനും നല്കിയ സേവനങ്ങൾ കണക്കിലെടുത്താണ് അവാർഡ്. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഉൾപെടുന്നതാണ് അവാർഡ്. ഗായകൻ, സംഗീത സംവിധായകൻ, ഗാനരചയിതാവ്, നിർമ്മാതാവ്, സംഗീത സംവിധായകൻ എന്നീ നിലകളിൽ പ്രശസ്തനാണ് ഗംഗൈ അമരൻ (മാതൃഭൂമി, മലയാള മനോരമ തുടങ്ങിയ പത്രങ്ങൾ ജനുവരി 11)
20. അഗസ്റ്റിൻ ജോസഫ് സംഗീത മത്സരം തൃപ്പൂണിത്തുറ ശ്രീ പൂർണ്ണത്രയീശ സംഗീത സഭ ജനുവരി 29 ന് അഗസ്റ്റിൻ ജോസഫ് സ്മാരക കർണ്ണാടക സംഗീത മത്സരം നടത്തുന്നു. വിവിധ ഗ്രൂപ്പുകളായിട്ടാണ് മത്സരം.
21. **ഡെയ്‌ലി കഥകളി സംഘടിപ്പിക്കുന്ന പി.കെ. ദേവന് പുരസ്കാരം.** എറണാകുളത്ത് എല്ലാ ദിവസവും കഥകളി മുടങ്ങാതെ അവതരിപ്പിച്ചുവരുന്ന പി.കെ.ദേവന് സ്റ്റാലിയൻസ് ഇന്റർ നാഷണൽ കൊച്ചി ചാപ്റ്ററിന്റെ ലൈഫ് അച്ചീവ്മെന്റ് പുരസ്കാരം നല്കും. (മാതൃഭൂമി, ജനുവരി 12)
22. **ബിനാലെയിൽ രണ്ടുലക്ഷം കാണികൾ** - മൂന്നാമത് മുസിരിസ് കൊച്ചി ബിനാലെ ഒരു മാസം പിന്നിട്ടപ്പോൾ 12 വേദികളിലായി എത്തിയവരുടെ എണ്ണം രണ്ട് ലക്ഷം കവിഞ്ഞു. 108 ദിവസം നീണ്ടുനിൽക്കുന്ന ബിനാലെ മാർച്ച് 29ന് സമാപിക്കും. ആസ്പിൻ വാൾ ഹൗസാണ് പ്രധാന വേദി. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബിനാലെക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നുണ്ട്. (മെട്രോ മനോരമ, ജനുവരി 13)
23. **ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം** - നിരന്തരമായ കലാപരിപാടികൾകൊണ്ട് ശ്രദ്ധേയമാകുകയാണ് ഇടപ്പള്ളിയിലുള്ള ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം. കലാകാരന്മാർക്കും കലാകാരികൾക്കും കലാവതരണത്തിന് തിരഞ്ഞെടുക്കാവുന്ന വേദികളിൽ ഒന്നാണ് ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം.
24. **കലാ വിദ്യാർത്ഥികളുടെ ദേശീയ ക്യാമ്പ്** - തൃശൂരിൽ കലാവിദ്യാർത്ഥികളുടെ ദേശീയ ക്യാമ്പ് ' ഏകം 2017' ജനുവരി 16 മുതൽ നടക്കും. (ദേശാഭിമാനി, ജനുവരി 13)
25. ചെട്ടിക്കുളങ്ങര ക്ഷേത്രത്തിലെ 18 അനുഷ്ഠാന കലകൾക്ക് പേറ്റന്റ് ലഭിച്ചു. (ജന്മഭൂമി, ജനുവരി 14)

## കലാവാർത്തകൾ തയ്യാറാക്കുമ്പോൾ....................

1. കലാരംഗത്തെ ഏറ്റവും പുതിയ വാർത്തകൾ വിദ്യാർത്ഥിനികളിൽ എത്തിക്കുകയാണ് കലാവാർത്താവിതരണത്തിന്റെ ലക്ഷ്യം.
2. ആഴ്ചയിൽ 5 മിനിട്ട് സമയമാണ് ഒരു വിദ്യാർത്ഥിനിക്ക് നൽകുന്നത്. 3. യു.പി., എച്ച്.എസ്., പ്ലസ്ടു, കോളേജ് വിദ്യാർത്ഥിനികൾക്കാണ് അവസരം. 4. ഞായറാഴ്ച മുതൽ ശനിയാഴ്ച വരെയുള്ള ഒരാഴ്ചത്തെ വാർത്തകളാണ് ശേഖരിച്ച് വായിക്കേണ്ടത്. 5. കഴിയുന്നത്ര പത്രങ്ങളിലെയും മാസികയിലെയും കലാവാർത്തകൾ ശേഖരിക്കണം. 6. വിദ്യാർത്ഥിനികൾ സ്കൂൾ, കോളേജ് ലൈബ്രറി ഈ ആവശ്യത്തിലേക്ക് പ്രയോജനപ്പെടുത്തണം. വായനാശീലം വളരുന്നതുകൊണ്ട് രക്ഷിതാക്കളും ഇക്കാര്യത്തിൽ വിദ്യാർത്ഥിനികളെ പ്രോത്സാഹിപ്പിക്കണം. 7. ഒരു വാർത്ത സംക്ഷിപ്തമായി രണ്ടോ മൂന്നോ വാചകത്തിൽ ക്രമീകരിക്കണം. 8. ഒരാഴ്ചയിൽ ഇരുപതിൽ കുറയാത്ത വാർത്തകൾ ശേഖരിക്കണം. 9. വാർത്ത രണ്ടോ മൂന്നോ പ്രാവശ്യം വായിച്ച് പ്രാക്ടീസ് ചെയ്യണം. 10. ഓരോ ബാച്ചിലെയും മികച്ച വാർത്താവതാരകക്ക് ജൂബിലിയോടനുബന്ധിച്ച് സമ്മാനം നൽകും. 11. ടെൻഷൻ ഇല്ലാതെ പുഞ്ചിരിച്ച മുഖത്തോടുകൂടി വാർത്ത വായിക്കണം. വാർത്തശ്രദ്ധിക്കുന്നവരെ അഭിമുഖീകരിച്ചുകൊണ്ട് വാർത്ത വായിക്കുവാനും ശ്രദ്ധിക്കണം.